**കേരള സർക്കാർ**

<u>സംഗ്രഹം</u>

കുടുംബ പെൻഷൻ- ശ്രീ.പി.മോഹൻദാസിന് ക്രമ പ്രകാരമല്ലാതെ 01.02.2004 മുതൽ 31.07.2016 വരെ കുടുംബപെൻഷൻ വിതരണം ചെയ്തതിലെ അപാകത സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ(സാധാ) നം.**5191/2018/**ധന തിരുവനന്തപുരം, തീയതി .20/06/2018.

---

പരാമർശം:- (1)ഹരിപ്പാട് സബ് ട്രഷറി ഓഫീസറുടെ 04.10.2017-ലെ എ 5/1366/17 നം.കത്ത്.
(2)മരണപ്പെട്ട വി.പദ്മനാഭക്കുറുപ്പിന്റെ എ.പി.വൈ 8244 നം. പെൻഷൻ വിതരണ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഹരിപ്പാട് സബ് ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങി വരവേ 23.01.2004-ൽ മരണപ്പെട്ട വി.പത്മനാഭകുറുപ്പിന്റെ കുടുംബപെൻഷൻ പരേതന്റെ ഭാര്യ മരണപ്പെട്ടതിനാൽ മനോദൗർബല്യമുള്ള മകൻ ശ്രീ.പി.മോഹൻദാസിന് നടപടി ക്രമങ്ങൾ പാലിക്കാതെ അനുവദിച്ചതിലെ അപാകത പരിഹരിയ്ക്കുന്നതിന് ഹരിപ്പാട് സബ് ട്രഷറി ഓഫീസർ സൂചന 1)പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

അപേക്ഷ പരിശോധിച്ചതിൽ പത്മനാഭകുറുപ്പ് ജീവിച്ചിരിക്കെത്തന്നെ ശ്രീ.പി.മോഹൻദാസിനെ കുടുംബപെൻഷന് നാമനിർദ്ദേശം ചെയ്തിരുന്നെന്ന് കാണുന്നു. എന്നാൽ ടിയാന്റെ മരണശേഷം ബഹു.അക്കൗണ്ടന്റ് ജനറലിന്റെ ഉത്തരവുമായി അന്നത്തെ ഹരിപ്പാട്.സബ് ട്രഷറി ഓഫീസറെ സമീപിച്ചപ്പോൾ, പെൻഷണറുടെ മരണശേഷം ഭാര്യ/ഭർത്താവ് അല്ലാതെ ആശ്രിത വ്യവസ്ഥയിൽ കുടുംബപെൻഷൻ ലഭിക്കേണ്ട മകൻ/ മകൾ (മനോദൗർബല്യം, അവിവാഹിത, ഭിന്നശേഷിക്കാർ) എന്ന വിഭാഗത്തിൽപ്പെട്ടവർക്ക് കുടുംബപെൻഷൻ അനുവദിക്കണമെങ്കിൽ ബഹു.കേരള അക്കൗണ്ടന്റ് ജനറൽ പുതിയ പെൻഷൻ വിതരണ ഉത്തരവ് ഗുണഭോക്താവിന്റെ പേരിൽ നൽകേണ്ടതായിട്ടുണ്ട് എന്നിരിക്കെ ഈ വ്യവസ്ഥകൾ പാലിക്കാതെ, ടിയാളുടെ പേര് കുടുംബപെൻഷൻ ലഭിക്കുന്നതിനായി പെൻഷൻ ബുക്കിൽ ചേർത്തിട്ടുള്ളത് അന്തിമ അനുമതിയായി തെറ്റിദ്ധരിച്ച് ശ്രീ.പി.മോഹൻദാസിന്, പെൻഷണറുടെ മരണം 23.01.2004 ൽ ആയതിനാൽ 01.02.2004 -മുതൽ സൂചന 2)ലെ പി.പി.ഒയുടെ തുടർച്ചയായി കുടുംബ പെൻഷൻ അനുവദിച്ച്

നൽകിയിരുന്നു.ടിയാൾക്ക് പ്രസ്തുത ആനുകൂല്യം അനുവദിച്ച നടപടിയിൽ ബന്ധപ്പെട്ട സബ്ട്രഷറി ആഫീസർക്ക് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് 01.08.2016 മുതൽ കുടുംബപെൻഷൻ വിതരണം നിർത്തി വയ്ക്കുകയുണ്ടായി. തുടർന്ന് 01.02.2004 മുതൽ 31.07.2016 വരെ ക്രമപ്രകാരമല്ലാതെ ശ്രീ.പി.മോഹൻദാസിന് കുടുംബപെൻഷൻ വിതരണം ചെയ്തതിലെ പിഴവ് സാധൂകരിച്ചു നൽകണമെന്ന് ട്രഷറി ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, അനുബന്ധരേഖകൾ പ്രകാരം ഹരിപ്പാട് സബ് ട്രഷറി ഓഫീസിൽ നിന്നും ആശ്രിത കുടുംബ പെൻഷൻ വ്യവസ്ഥയിൽ നൽകിയ ആദ്യ പെൻഷനാണ് ശ്രീ.പി.മോഹൻദാസിന്റേത് എന്ന് കാണുന്നതിനാലും ന്യായമായും അർഹതപ്പെട്ട ആൾക്ക് തന്നെയാണ് പ്രസ്തുത ആനുകൂല്യം നൽകിയതെന്നും കണക്കാക്കി, ക്രമപ്രകാരമല്ലാതെ 01.02.2004 മുതൽ 31.07.2016 വരെ നൽകിയ കുടുംബപെൻഷൻ വിതരണത്തിലെ പിഴവ് സാധൂകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ. രാജശ്രീ
അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി,ഹരിപ്പാട്-690514
5. ശ്രീ.പി.മോഹൻദാസ്,മോഹൻ വില്ല,ആനാരി,ചെറുതന(പി.ഒ),പിൻ-690517
6. നോഡൽ ഓഫീസർ , www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E-640996)

ഉത്തരവിൻ പ്രകാരം

Sreelatha

സെക്ഷൻ ഓഫീസർ